KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

# മടക്കം...അസാധ്യം!

"ഭൂമി വിളിക്കുന്നു, അല്ല...! കേഴുന്നു,
പുക മൂടിയ കണ്ണുകളാൽ,
പുഴുവരിക്കുന്ന പുണ്ണുകളാൽ,
നീറിപ്പുകഞ്ഞ മനസ്സുമായ്,
കൊടിയ ദാരിദ്ര്യത്തിൽ വശംകെട്ട
കൊടിച്ചിപ്പട്ടിയെപോലെ."

"കാമവെറിയന്മാരുടെ അടങ്ങാത്ത
ആവേശത്തിന്റെ അലയൊലികൾ നിറയുന്ന
കാതുകൾ അവൾ കൂർപ്പിച്ചു....,
"അമ്മേ.... രക്ഷിക്കൂ" അങ്ങകലെ,
രാത്രിതൻ ശിലാപാളികളെ വകഞ്ഞുമാറ്റി
കൊടിയ പീഢനങ്ങളെ ശിരസ്സിലേറ്റിയവൾ
തളർന്നുവീഴുകയായിരുന്നു.
ഇടറുന്ന കാലുകളിലൂടെ ഇറ്റുന്ന ചെഞ്ചോരയിൽ
അന്ന് ചാലിച്ചത് ഭൂമിയുടെ, അമ്മയുടെ
മാതൃത്വത്തിൽ അലിഞ്ഞുചേർന്ന
മകളുടെ അന്ത്യനിശ്വാസമായിരുന്നു,
വയ്യ.... കേൾക്കാൻ വയ്യ മകളുടെ രോദനം
ഒന്നും ചെയ്യാനാകാതെ ആ അമ്മ
കാതുകൾ പിൻവലിച്ചു.
നെഞ്ചിൽ തറച്ച കത്തി കവർന്നെടുത്ത
ജീവന്റെ നോവറിഞ്ഞ പോലെ....

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

Page No. 2

"അനന്തവിഹായസിനെ ചുംബിക്കാൻ കൊതിച്ച്
മരങ്ങളെ നെഞ്ചിലേറ്റി
പച്ചയാം ചിറകുകൾ വിരിച്ച്
പറക്കാൻ കൊതിച്ച തന്റെ മകളെ
അന്നവൾ കണ്ടു...,
തെറ്റുകുറിച്ചിട്ട പുസ്തകത്താളുകൾ കീറിയെറിഞ്ഞപോലെ
തന്നിൽ നിന്നടർത്തി മറ്റൊരിടത്തേക്ക്...,
മകളേ... അവൾ ഉച്ചത്തിൽ വിളിച്ചു
'പക്ഷേ ഇനിയൊരു തിരിച്ചുവരവ് അസാധ്യം'

ഒരായിരം മർമ്മരങ്ങൾ വിരിയിക്കാൻ കൊതിച്ച
മകളുടെ പാദസരക്കിലുക്കം കൊതിച്ചെത്തിയ
ആ മാതൃഹൃദയം തേങ്ങി,
അടിവേരുകൾ അറുത്തു മാറ്റപെട്ട്
തന്റെ ആത്മാവിന്നുള്ളിലേക്ക്
പിൻവലിക്കപ്പെടുന്ന മകൾ തൻ മർമ്മരം,
അമ്മതൻ കാതുകളെ തൊട്ടുണർത്തി
"നാശം..."

തുളച്ചുകയറുന്ന ചില്ലുകഷ്ണങ്ങൾ പോലെ
കാതുകളെ അറുത്ത്..., മറ്റൊന്നിൻ വരവറിയിച്ച്....
മകളേ.... കേഴുകയാണവൾ.
ഒന്നനങ്ങാനാകാതെ, പുഴുവരിച്ച വ്രണങ്ങളിലെ
കത്തിയമരുന്ന മാതൃത്വത്തിന്റെ
പൊട്ടാത്ത ചരടുകളിൽ അവൾ പക്ഷേ
അഭയം പ്രാപിച്ചു കഴിഞ്ഞിരുന്നു.
ചങ്ങലയിൽ ഞെരുങ്ങിയമരുമ്പോൾ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE



അവർ കണ്ടു.....
യാത്രാമൊഴിയറിയിച്ച് കൈവീശിയകലുന്ന
മക്കളെ, പൊന്നോമനകളെ,
ഓർക്കുവാൻ നിശ്ചലമായ ജഢം
മാത്രം ബാക്കിയാക്കി, ദ്രവിക്കാത്ത ആത്മാവുമായി
അവർ പിൻവാങ്ങുകയായിരുന്നു, എന്നെന്നേക്കുമായ്.

തിരികെ വിളിക്കാൻ വല്ലാതെ തോന്നിയിട്ടും
ശബ്ദമുയർന്നില്ല. അവർ മൗനം ഭുജിച്ചു.
സുരക്ഷിതമായ ഭാവിക്കായ്
അവർ പോയേതീരൂ....
അവർ ആർത്തുകരഞ്ഞു...,
ഇനിയൊരിക്കലും അനുഭവിക്കാനാകാത്ത
മാതൃത്വത്തിന്റെ ദീർഘമാം നിമിഷങ്ങളിലേക്ക്,
സ്മൃതികൾ മാത്രമായ അകവറകളിലേക്ക്
അവർ ഇറങ്ങിച്ചെല്ലുകയായിരുന്നു
ഇനിയൊരു തിരിച്ചുവരവ് അസാധ്യമെന്ന
യാഥാർത്ഥ്യത്തിൽ അലിഞ്ഞുകൊണ്ട്, എന്നെന്നേക്കുമായ്....